**ഐ.ടി. 19030 / 2018**

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
പബ്ലിക് ഓഫിസ്, തിരുവനന്തപുരം.
തിയതി 20 . 05 . 2022

# സർക്കുലർ

വിഷയം : ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്പാർക്കുമായി ബന്ധിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന : 23.04.2022 തീയതിയിലെ സ.ഉ.(സാധാ) നം 1679/ 2022/GAD ഉത്തരവ്

കേരളത്തിലെ സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ജീവനക്കാരുടെ കൃത്യനിഷ്ഠ ഉറപ്പുവരുത്തുന്നതിനുമായി ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തണമെന്നും ആയത് സ്പാർക്കുമായി ബന്ധിപ്പിക്കണമെന്നും സർക്കാർ നിരവധി ഉത്തരവുകളിലൂടെ നിർദ്ദേശിച്ചിട്ടുള്ളതാകുന്നു.

എന്നാൽ സ്പാർക്കുമായി ബന്ധിപ്പിച്ച് പ്രവർത്തിക്കുന്ന ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നിരവധി ഓഫീസുകളിൽ ലഭ്യമല്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെടുകയും തുടർന്ന് എല്ലാ സർക്കാർ ഓഫിസുകളിലും മേൽ സംവിധാനം ഏർപ്പെടുത്തണമെന്ന് സൂചന ഉത്തരവ് പ്രകാരം നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള ജലസേചന വകുപ്പിലെ എല്ലാ ഓഫിസുകളിലും ആയത് പ്രവർത്തന ക്ഷമമാക്കി 31.05.2022-ന് മുൻപായി സ്പാർക്കുമായി ബന്ധിപ്പിക്കേണ്ടതാണ്. ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നിലവിലില്ലാത്ത എല്ലാ ചീഫ് ഓഫിസുകളിലും സർക്കിൾ, ഡിവിഷൻ ഓഫിസുകളിലും പി.ഡബ്ള്യൂ.ഡി. ഇലക്ട്രോണിക്സ് / കെൽട്രോൺ മുഖേന സ്പാർക്ക് അനുബന്ധിത പഞ്ചിംഗ് സംവിധാനം അടിയന്തിരമായി ഏർപ്പെടുത്തേണ്ടതാണ്.

എല്ലാ ചീഫ് എഞ്ചിനീയർമാരും സൂപ്രണ്ടിംഗ് / എക്സിക്യൂട്ടീവ് എൻജിനിയർമാറും ഈ വിഷയത്തിൽ സ്വികരിച്ച നടപടികൾ 31.05.2022-നു മുൻപായി ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ് .

സ്പാർക്ക് അനുബന്ധിത പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നതിൽ വീഴ്ചവരുന്നപക്ഷം ശമ്പള വിതരണം തടസപ്പെടുന്നതാണ്.

**ചീഫ് എഞ്ചിനീയർ**

പകർപ്പ് : എല്ലാ ചീഫ് എഞ്ചിനീയർമാർക്കും സൂപ്രണ്ടിംഗ് / എക്സിക്യൂട്ടീവ് എൻജിനിയർമാർക്കും